# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web Edition Only

2008 ഫെബ്രുവരി 4


# തൃക്കുന്നത്ത് പള്ളി ഇടവക പള്ളിയല്ല: ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്

**ബിജി കുര്യൻ**

പത്തനംതിട്ട: പാർപ്പിടം, കൃഷിയിടം എന്നിങ്ങനെ ജില്ല തിരിച്ച് ഭൂപരിഷ്കരണ നിയമം കൊണ്ടുവരണമെന്ന് മലങ്കര ഓർത്തഡോക്സ് സഭ തിരുവനന്തപുരം ഭദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്.

സഭാ മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുക്കാൻ കോട്ടയത്തെത്തിയ ബിഷപ്പ് *ദേശാഭിമാനി*ക്കനുവദിച്ച അഭിമുഖത്തിൽ വിവിധ വിഷയങ്ങൾ പരാമർശിച്ചു.

ആർശമുള്ള പാർട്ടിയാണ് സി പി ഐ എം. പാർട്ടി സംസ്ഥാനസമ്മേളനം സഗൗരവം ചർച്ചചെയ്യേണ്ട മൂന്നു പ്രശ്നങ്ങൾ താൻ ഉന്നയിക്കുകയാണ്. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം എന്നിവയാണ് കേരളത്തിന്റെ പ്രധാന പ്രശ്നങ്ങൾ.

ആരോഗ്യകേന്ദ്രങ്ങൾ അവഗണിക്കപ്പെടുമ്പോൾ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ കൂണു പോലെ മുളച്ചുവരുന്നത് ആശാസ്യമല്ല. ഗ്രാമങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം.

പൊതു വിദ്യാഭ്യാസത്തിന് കൂടുതൽ തുക അനുവദിക്കയും സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുന്ന എൽ. ഡി. എഫ്. സർക്കാരിന്റെ നയം അഭിനന്ദനീയമാണ്. അവഗണിക്കപ്പെട്ട സർക്കാർ വിദ്യാലയങ്ങൾക്ക് ഇന്ന് മാന്യതയുണ്ട്. എന്നാൽ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ ദേശീയ നിയമം നിലവിലില്ലാത്തതുമൂലം അവ്യക്തതയും അസ്വസ്ഥതയും നിലനിൽക്കുകയാണ്. കേരളത്തിൽ ഭരണപരമായ ആദർശശുദ്ധി സർക്കാരിന് ഉണ്ടെങ്കിലും പ്രായോഗികമായ പ്രശ്നങ്ങളുണ്ട്.

കർഷകത്തൊഴിലാളികളുടെ ക്ഷേമംപോലെ തന്നെ കർഷകരുടെ ക്ഷേമവും ഉറപ്പാക്കണമെന്ന് ബിഷപ്പ് അഭിപ്രായപ്പെട്ടു. ഇടത്തരം, ചെറുകിട, പരിമിത കർഷകർക്ക് മേൽകൈയുള്ള സാമൂഹിക ഘടനയ്ക്ക് മാറ്റം വന്നു. ഇത് മനസ്സിലാക്കി പ്രശ്നങ്ങൾ ശാസ്ത്രീയമായി പരിഹരിക്കണം. വയൽ നികത്തൽ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദനെ വൈകിയാണെങ്കിലും മാധ്യമങ്ങൾക്ക് അംഗീകരിക്കേണ്ടി വന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഗ്രാമത്തിൽ കാവ് ഉണ്ടാക്കണം എന്നായിരുന്നു പഴയ കാഴ്ചപ്പാട്. പക്ഷികളും പാമ്പും കുരങ്ങും അധിവസിക്കുന്ന കാവുകളെ ഹൈന്ദവമായി കാണേണ്ടതില്ല. പ്രകൃതിയെ അംഗീകരിക്കുന്ന ജൈവ വ്യവസ്ഥയുടെ ഭാഗമാണത്. 'നാനോ' കാറിനെ പുകഴ്ത്തുന്ന മലയാളികൾക്ക് പുതിയൊരു തൊഴിലാളി – മുതലാളി സംസ്കാരം സാധ്യമാണ്. ഇച്ഛാശക്തിയുള്ള സർക്കാരും മാധ്യമങ്ങളും കൂടി ചേർന്നാണ് കേരളത്തെ മാറ്റിപ്പണിയേണ്ടത്.



**സഭയ്ക്കു വേണ്ടി സുധീരം...**
**ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്**

തൃക്കുന്നത്തു സെമിനാരി വിവാദമായി ബന്ധപ്പെട്ട് യാക്കോബായ സഭയുടെ തലവൻ ശ്രേഷ്ഠ കാതോലിക്കാ തോമസ് പ്രഥമൻ ബാവായ്ക്ക് പ്രവേശന നിരോധനമുള്ള ഭദ്രാസനങ്ങളാണ് അങ്കമാലി, കണ്ടനാട്, കൊച്ചി എന്നിവയെന്നും ഇതു സംബന്ധിച്ച കോടതിവിധി 2001 മുതൽ നിലവിലുണ്ടെന്നും ബിഷപ്പ് ചൂണ്ടിക്കാട്ടി. 1934-ലെ മലങ്കര സഭാ ഭരണഘടന അനുസരിച്ചാണ് ഭദ്രാസനങ്ങൾ ഭരിക്കപ്പെടേണ്ടതെന്ന കോടതി വിധിക്കെതിരെ യാക്കോബായ വിഭാഗം നൽകിയ അപ്പീൽ തള്ളിയ ഹൈക്കോടതി ഉത്തരവ് ചൂണ്ടിക്കാട്ടി ബിഷപ്പ് പറഞ്ഞു. തന്റെ ഭദ്രാസനത്തിൻ കീഴിൽ കുണ്ടറ, മുഖത്തല പള്ളികളിൽ മാത്രമാണ് തർക്കമുള്ളത്. ഒത്തുതീർപ്പ് ശ്രമത്തിന്റെ ഭാഗമായി ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ പള്ളിവക സ്ഥലം ഭാഗംവെച്ച് പിരിയാൻ നിർദേശം ഉണ്ടായെങ്കിലും സമവായം ഉണ്ടായില്ല. "കോടതി തീരുമാനിക്കട്ടെ. അത് എല്ലാവരും മാനിക്കട്ടെ" എന്നതാണ് തന്റെ നിലപാടെന്ന് ബിഷപ്പ് കൂട്ടിച്ചേർത്തു.

ക്രമസമാധാന പാലനത്തിനായി പള്ളി അടച്ചിടാം. എന്നാൽ കോടതി ഉത്തരവ് ലംഘിച്ച് പള്ളി ഒരു ഭാഗത്തിന് ആരാധനയ്ക്കായി തുറന്നുകൊടുത്തത് ധാർമ്മിക നടപടിയല്ല. തൃക്കുന്നത്ത് സെമിനാരിയോട് ചേർന്നുള്ള സെന്റ് മേരീസ് അരമന പള്ളിയാണ്, ഇടവകപള്ളിയല്ല. സഭയുടെ അങ്കമാലി ഭദ്രാസനാധിപൻ നേരിട്ട് ഭരിക്കുന്ന പള്ളിയാണത്. ഇത് കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടെങ്കിലും വിധി വന്നിട്ടില്ല. ഭരണകൂടത്തെയും

കലക്ടർ അടക്കമുള്ള അധികാരികളെയും സ്വാധീനിച്ചാണ് തൃക്കുന്നത്ത് പള്ളിയിൽ യാക്കോബായ വിഭാഗം അതിക്രമിച്ചു കടന്നതെന്ന് ബിഷപ്പ് ആരോപിച്ചു. ഇതു സംബന്ധിച്ച് മുഖ്യ മന്ത്രി, റവന്യൂ, നിയമ, ആഭ്യന്തര മന്ത്രിമാർ, സിപിഐ എം. സംസ്ഥാന സെക്രട്ടറി എന്നിവരെ നേരിൽ കണ്ട് വസ്തുത ബോധ്യപ്പെടുത്തിയിരുന്നുവെന്നും ബിഷപ്പ് പറഞ്ഞു. രാഷ്ട്രീയ ത്തിലെ സന്യാസിയായിരുന്ന ഇ. എം. എസ്. നെപ്പോലെ ഒരാളെ സംഭാവന ചെയ്യാൻ ക്രൈസ്തവ സഭയ്ക്ക് കഴിയുന്നുണ്ടോ എന്ന ആത്മവിമർശനവും തനിക്കുണ്ടെന്ന് ബിഷപ്പ് പറഞ്ഞു.

*(ദേശാഭിമാനിയ്ക്കു വേണ്ടി കൂരോപ്പട സെന്റ് ജോൺസ് പള്ളി ഇടവകാംഗവും ദേശാഭിമാനി പത്രാധിപസമിതി (പത്ത നംതിട്ട) അംഗവുമായ ബിജി കുര്യൻ നടത്തിയ ഇന്റർവ്യൂവിന്റെ പൂർണരൂപം)*

## പാമ്പാടി പ്രസംഗം: മാനേജിംഗ് കമ്മറ്റി തീരുമാനം നിയമവിരുദ്ധവും അസാധുവും

കോട്ടയം: ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ പാമ്പാടിയിൽ മാർക്സിസ്റ്റു പാർട്ടി സംഘടിപ്പിച്ച കല, സാഹിത്യം, മാനവീയത എന്ന സെമിനാറിൽ പങ്കെടുത്ത തിനെപ്പറ്റി മാനേജിംഗ് കമ്മറ്റിയിലുണ്ടായ ചർച്ചയും അതിനെ തുടർന്ന് മലങ്കരസഭയിലെ മെത്രാപ്പോലീത്താമാരും വൈദികരും രാഷ്ട്രീയ യോഗങ്ങളിൽ പങ്കെടുക്കുകയോ രാഷ്ട്രീയ പാർട്ടിക ളിൽ പ്രവർത്തിക്കുകയോ ചെയ്യരുതെന്ന തീരുമാനവും സഭാ ഭര ണഘടനാ വിരുദ്ധവും അസാധുവുമാണെന്ന വാദവുമായി നിയമ വിദഗ്ദർ രംഗത്തെത്തി.

പ്രധാനമായും രണ്ടു നിയമപ്രശ്നങ്ങളാണ് ഇവർ മുമ്പോട്ടു വയ്ക്കുന്നത്. ഒന്നാമതായി കഴിഞ്ഞ മാനേജിംഗ് കമ്മറ്റി തൃക്കു ന്നത്തു സെമിനാരി പ്രശ്നത്തെപ്പറ്റി ചർച്ച ചെയ്യുക എന്ന ഏക വിഷയവുമായി അടിയന്തിരമായി വിളിച്ചു ചേർത്തതാണ്. ഈ യോഗത്തിന്റെ അജണ്ടയിലില്ലാത്ത (ആ വിഷയവുമായി യാതൊ രു ബന്ധവുമില്ലാത്ത) ഡോ. മാർ ഗ്രിഗോറിയോസിന്റെ പ്രസംഗ വിവാദം അവിടെ ചർച്ച ചെയ്തതു അജണ്ടയ്ക്കു പുറത്താണ്. അതിനാൽ ആ ചർച്ചയും അതിന്മേലുള്ള റൂളിംഗും നിയമവിരു ദ്ധവും അതിനാൽ നിലനിൽക്കാത്തതുമാണ്.

രണ്ടാമതായി, ഒരു മെത്രാപ്പോലീത്തായ്ക്കെതിരായ യാതൊരു ആരോപണവും സഭാ ഭരണഘടനപ്രകാരം അജണ്ടയിൽ ചേർ ക്കാനോ ചർച്ച ചെയ്യാനോ മാനേജിംഗ് കമ്മറ്റിയ്ക്ക് അധികാര മില്ല. ആ അധികാരം എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു മാത്ര മാണെന്ന് അവർ ചൂണ്ടിക്കാട്ടി. ഈ കാരണത്താൽ മാനേജിംഗ് കമ്മറ്റിയിൽ ഈ വിഷയം അവതരിപ്പിക്കാൻ അനുമതി കൊടു ത്തതു തന്നെ തെറ്റാണെന്ന് ഭരണഘടനാ വിദഗ്ദർ ചൂണ്ടിക്കാ ട്ടുന്നു.



**പത്ര മുത്തശ്ശിയുടെ കളിപ്പാവയോ?: പി. സി. യോഹന്നാൻ റമ്പാൻ**

## സ്ഥാനികൾക്കും ബാധകമാക്കണം

പത്തനംതിട്ട: രാഷ്ട്രീയ പാർട്ടികളിലും രാഷ്ടട്രീയയോഗ ങ്ങളിലും പങ്കെടുക്കുന്നതിനു മെത്രാന്മാർക്കും വൈദികർക്കും ഏർപ്പെടുത്തിയ വിലക്ക് വൈദികരല്ലാത്ത സ്ഥാനികൾക്കും ബാധകമാക്കണമെന്ന ആവശ്യമുയരുന്നു. ചില സഭാസ്ഥാനികൾ തങ്ങളുടെ സ്ഥാനത്തെ സ്വന്തം രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്നു എന്ന ആരോപണവും ശക്തമായിട്ടുണ്ട്.

വൈദിക ട്രസ്റ്റിയായിരിക്കെ ഫാ. മത്തായി നൂറനാൽ ഇടതു പക്ഷ സ്വതന്ത്ര സ്ഥാനാർത്ഥിയായി സുൽത്താൻ ബത്തേരിയിൽ നിന്നും നിയമസഭയിലേയ്ക്ക് മത്സരിച്ചതിന് യാതൊരു തടസവും പറയാതിരുന്ന മലങ്കരസഭ, ഇപ്പോൾ മെത്രാന്മാർ പ്രസംഗിയ്ക്കു ന്നതിനു വിലക്കേർപ്പെടുത്തിയതിനു പിന്നിൽ വ്യക്തി രാഷ്ട്രീ യമാണെന്ന ആരോപണവും ശക്തമായിട്ടുണ്ട്.

## ഭരണകോക്കസ് – ഉചാമറ – മെത്രാൻസ്ഥാനമോഹി സഖ്യം അടുത്ത മാനേജിംഗ് കമ്മറ്റിയുടെ പകുതി വരെ മാത്രം

കോട്ടയം: കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ ഡോ. മാർ ഗ്രിഗോ റിയോസിനെതിരെ വിജയകരമായി പ്രയോഗിച്ച സഖ്യം അടുത്ത മാനേജിംഗ് കമ്മറ്റിയുടെ ആദ്യ പകുതിയിൽ തകരും.

തങ്ങൾക്ക് അനഭിമതരായവരും ഏകാധിപത്യത്തെ ചോദ്യം ചെയ്യുന്നവരുമായ മെത്രാന്മാരെ തകർക്കുക എന്ന ലക്ഷ്യത്തോ ടെയാണ് ഡോ. മാർ ഗ്രിഗോറിയോസിനെതിരെയുള്ള ആക്രമ ണത്തിനു ഭരണകോക്കസ് മൗനാനുവാദം നൽകിയത്. തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി *ഉചാമറ* ഈ വിഷയം എടുത്തിടു കയും ബഹളമുണ്ടാക്കുകയും ചെയ്തു. മെത്രാൻ സ്ഥാനമോഹി കളാകട്ടെ അടുത്ത മാനേജിംഗ് കമ്മറ്റിയിൽ *ഉചാമറ* വിഭാഗ ത്തിന്റെ പിന്തുണ ഉറപ്പാക്കാൻ ഈ നീക്കത്തെ പിന്തുണ യ്ക്കുകയും ചെയ്തു.

അടുത്ത യോഗത്തിൽ ഡോ. മാർ അത്താനാസ്യോസ്, മാർ മിലിത്തോസ് എന്നിവരെ ഒതുക്കുക എന്ന ലക്ഷ്യം ഭരണകോക്ക സിനും *ഉചാമറ*യ്ക്കുമുണ്ട്. വിദേശ മെത്രാൻ വാഴ്ചയുടെ പേരിൽ കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയുടെ രീതിയിൽ ഇവരെ ഒതുക്കാൻ ഇരു കൂട്ടരും ശ്രമിയ്ക്കും. കുപ്പായമോഹികൾ ഇവരെ പിന്തുണ യ്ക്കുകയും ചെയ്യും. അതിനുശേഷമാണ് ഈ സഖ്യം തകരുക. ഇതിനു കാരണം മെത്രാൻ തിരഞ്ഞെടുപ്പിന്റെ പുതുക്കിയ മാനദ ണ്ഡങ്ങളാണ്.

പുതുക്കിയ മാനദണ്ഡങ്ങൾ തങ്ങളുടെ ചുവന്ന കുപ്പായ മോഹങ്ങൾക്ക് തിരിച്ചടിയാണെന്ന വിവരം സ്ഥാനമോഹികൾക്ക് നേരത്തെ തന്നെ അറിയാം. അത് എന്തു വില കൊടുത്തും തട യാനുള്ള ശ്രമം ആരംഭിച്ചിട്ടു മാസങ്ങളായി. ഈ സമരത്തിൽ *ഉചാമറ*യെ തങ്ങളോടൊപ്പം നിർത്താനുള്ള ശ്രമമാണ് കഴിഞ്ഞ യോഗത്തിൽ ഡോ. മാർ ഗ്രിഗോറിയോസിനെതിരെ തിരിയാൻ

ഇവരെ പ്രേരിപ്പിച്ചത്.

എന്നാൽ എന്തു വില കൊടുത്തും പുതുക്കിയ മാനദണ്ഡങ്ങൾ അതേപടി പാസാക്കുക എന്നത് ഭരണകോക്കസിന്റെ അഭിമാന പ്രശ്നമാണ്. ഈ വിഷയം ചർച്ചയ്ക്കു വരുന്നതോടെ ഈ സഖ്യം തകരും. അവസരവാദികളായ *ഉചാമ* അധികാരത്തിന്റെ അകത്തളങ്ങളിൽ പിടിമുറുക്കാൻ ഈ നീക്കത്തിൽ ഭരണകോക്കസിനൊപ്പം നിൽക്കുമെന്നാണ് സൂചന.

# ഇടുക്കി ഭദ്രാസന അഡ്മിനിസ്ട്രേറ്റർ: വിവാദമായി

കുമളി: ഇടുക്കി അരമന മാനേജർ ഫാ. സൈമൺ സ്കറിയ ഭദ്രാസന അഡ്മിനിസ്ട്രേറ്റർ എന്ന സ്ഥാനനാമം ഉപയോഗിക്കുന്നതിലും ഭദ്രാസന മെത്രാപ്പോലീത്താ ഒപ്പിടേണ്ടിയ രേഖകളിൽ ഒപ്പിടുന്നതിലും ഭദ്രാസനത്തിലെ വൈദീകരും ഭദ്രാസന കൗൺസിലും കടുത്ത പ്രതിഷേധത്തിൽ.

ഓഫ് സൈഡ് - ഓഫ് സൈഡ്

# എന്നെപ്പോലെ എന്റെ ഭാര്യയേയും

സുഖവാസകേന്ദ്രത്തിലെ പ്രശസ്തമായ ഒരു വിദ്യാഭ്യാസ സ്ഥാപനം. പുതുതായി ചാർജെടുത്ത പ്രിൻസിപ്പാൾ തന്റെ ഓഫീസ്മുറിയിൽ പ്രവേശിച്ചപ്പോൾ അതിനുള്ളിലെ മുറിയിൽ ഒരു വനിത ഇരിയ്ക്കുന്നു. തനിയ്ക്ക് സെക്രട്ടറി ഇല്ലെന്നറിയാവുന്ന പ്രിൻസിപ്പാൾ കാര്യം തിരക്കി.

കക്ഷി കോളജിലെ ഒരു ഗുമസ്തയാണ്. ഭർത്താവ് ആത്മീയ പിതാവായ വൈദീകനും. തലേവർഷം ജോലി ലഭിച്ചപ്പോൾ മുതൽ പൊതുവായ ഓഫീസിനു പകരം പ്രിൻസിപ്പാളിന്റെ മുറിയിലാണ് ആസ്ഥാനം. ദുർബലനായ പഴയ പ്രിൻസിപ്പാളിന് ഒന്നും മിണ്ടാനായില്ല.

പുതിയ പ്രിൻസിപ്പാൾ തീർത്തു പറഞ്ഞു, എന്റെ ഓഫീസിൽ ഇരിയ്ക്കാൻ പാടില്ല. ആത്മീയ പിതാവ് ഇടപെട്ടു. എന്നെപ്പോലെ എന്റെ ഭാര്യയെയും കരുതണം. ഇവിടിരുന്നോട്ടെ. പറ്റില്ലെന്നു പ്രിൻസിപ്പാൾ. തന്നെയുമല്ല ഒരാൾക്കുമാത്രം പ്രത്യേക പരിഗണന നൽകാനാവില്ലെന്നു പ്രിൻസിപ്പാൾ തീർത്തു പറഞ്ഞു. അതോടെ കക്ഷി ഓഫീസിലെ തന്റെ കസേരയിലേയ്ക്കു ഒതുങ്ങേണ്ടി വന്നു.

സംഗതി അവിടംകൊണ്ടു തീർന്നില്ല. രേഖകൾ പരിശോധിച്ച പ്രിൻസിപ്പാൾ മറ്റൊരു കാര്യം കൂടി കണ്ടുപിടിച്ചു. കക്ഷി നിശ്ചിത യോഗ്യതയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. അന്വേഷിച്ചപ്പോൾ കോഴ്സ് പഠിക്കുകയോ, പരീക്ഷ എഴുതുകയോ ചെയ്തിട്ടില്ല. പിന്നെയല്ലേ സർട്ടിഫിക്കേറ്റ്. അതോടെ പണി വീട്ടിലായി.

തന്നെപ്പോലെ ഭാര്യയെ സ്നേഹിക്കുന്ന ആത്മീയ പിതാവുണ്ടോ വിടുന്നു. ഹോസ്റ്റലിൽ സ്ഥിരമായി നടത്തിയ സുവിശേഷ പ്രവർത്തനത്തിലൂടെ മാനേജ്മെന്റിനെതിരെ വിദ്യാർത്ഥികളെ സമരമിറക്കി.

അവസാനം ഒന്നുകിൽ കോളജ്, അല്ലെങ്കിൽ ആത്മീയപിതാവ് എന്ന കർശന താക്കീത് ലഭിച്ചതോടെയാണത്രെ ടിയാൻ അടങ്ങിയത്.

ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത കാലം ചെയ്ത ശേഷമാണ് ഭദ്രാസനവുമായി ബന്ധമില്ലാത്ത ഇദ്ദേഹത്തെ അരമന മാനേജരായി നിയമിച്ചത്. അന്ന് അഡ്മിനിസ്ട്രേറ്റർ എന്ന ഭരണഘടനയിലില്ലാത്ത സ്ഥാനം നൽകാൻ ശ്രമം നടന്നെങ്കിലും ഫലിച്ചില്ല. തുടർന്നാണ് കല്പനയുടെ ഒന്നും പിൻബലമില്ലാതെ സ്വയം ഈ സ്ഥാനം സ്വീകരിച്ചത്.

ഭരണഘടനാ വിരുദ്ധമായ ഈ സ്ഥാനം ഉപയോഗിച്ച് എന്തു രേഖയിൽ ഒപ്പുവെച്ചാലും അത് അസാധുവാണെന്ന് ഒരു മെത്രാപ്പോലീത്താ *അൽമായവേദി*യോടു പറഞ്ഞു.

# പാമ്പാടിയിൽ എന്തു നടന്നു

**വർഗീസ് അമ്പ്രയിൽ, പാമ്പാടി**

കഴിഞ്ഞ ദിവസം തിരുവനന്തപുരത്തെ മാർ ഗ്രിഗോറിയോസ് തിരുമേനി പങ്കെടുത്ത യോഗം ആദ്യാവസാനം കേട്ട ഒരു വ്യക്തിയാണ് ഞാൻ. ഈ യോഗത്തിന്റെ പേരിൽ ഒരു വിവാദം ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നു എനിയ്ക്കു തോന്നുന്നു.

ഏതാണ്ട് രണ്ടായിരം പേരോളം മുക്കാൽ മണിക്കൂർ നീണ്ട തിരുമേനിയുടെ പ്രസംഗം നിശബ്ദമായാണ് കേട്ടിരുന്നത്. അതിൽ ആയിരത്തിഅഞ്ഞൂറു പേർക്കോളം ഇരിയ്ക്കാൻ കസേര ഉണ്ടായിരുന്നു ബാക്കിയുള്ളവർ നിശബ്ദരായി നില്ക്കുകയായിരുന്നു.

പാമ്പാടിയിൽ ഹാളുകളൊന്നുമില്ല. പഞ്ചായത്ത് ഓഫീസ് പൊളിച്ചതിനാൽ രണ്ടു വർഷമായി അത് പ്രവർത്തിക്കുന്നത് പഞ്ചായത്തു ഹാളിലാണ്. വിശാലമായ ബസ്സ് സ്റ്റാന്റ് മൈതാനിയിൽ സ്റ്റേജ് കെട്ടി കേൾവിക്കാർക്ക് കസേരകളിട്ടു നടത്തിയ യോഗമായിരുന്നു അത്. അതിനെ ഒരു തെരുവുയോഗമെന്നു പറയുന്നതു ശരിയാണോ? തിരുമേനിയുടെ പ്രസംഗത്തിൽ ഒരിടത്തും സഭയ്ക്കെതിരായോ മാർക്സിസ്റ്റ് പാർട്ടിയ്ക്ക് അനുകൂലമായോ ഒരക്ഷരവും തിരുമേനി പറഞ്ഞില്ല. ദൈവത്തെ ഒഴിവാക്കിയുള്ള ഒരു തത്വശാസ്ത്രവും നിലനിൽക്കുകയില്ലായെന്നാണ് തിരുമേനി പ്രസംഗിച്ചതെന്നാണ് ഞാൻ മനസിലാക്കിയത്. പക്ഷേ, പാവപ്പെട്ടവർക്ക് നന്മ ആരു ചെയ്താലും അതിനു വിലയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഗാന്ധിജിയെയാണ് നല്ല മനുഷ്യസ്നേഹിയായി അദ്ദേഹം പറഞ്ഞത്. ഇതൊരു തെറ്റാണോ?

ഇതിന്റെ പേരിൽ ഇത്ര കോലാഹലമുണ്ടാക്കണമായിരുന്നോ. യോഹന്നാൻ റമ്പാച്ചൻ തന്നെ ഈ ബസ്റ്റാന്റിന്റെ മുമ്പിൽ പെരുവഴിയിൽ എത്ര പ്രസംഗങ്ങളും സമരങ്ങളും നടത്തിയിട്ടുണ്ട്. അതിന് ഞാൻ സാക്ഷിയാണ്. ഇപ്പോൾ പിന്നെ ഈ വിരോധത്തിന്റെ കാര്യമെന്താണെന്ന് എനിയ്ക്കു മനസ്സിലാകുന്നില്ല.



**സത്യത്തിന്റെ മുഖം**